**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6158** **09-11-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം നദി സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ വാമനപുരം നദി സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (എ) | വാമനപുരം മണ്ഡലത്തിലെ വാമനപുരം നദി സംരക്ഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ചേമുഞ്ചികുന്നുകളിൽ നിന്ന് ഉത്ഭവിച്ച് ഏകദേശം 88കി.മീ ദൂരം ഒഴുകി അഞ്ചുതെങ്ങ് കായലിൽ പതിക്കുന്ന വാമനപുരം നദിയുടെ പുനരുജ്ജീവനത്തിനായി 71.83കോടി രൂപയുടെ വിപുലമായ ഒരു പദ്ധതിരേഖ തയ്യാറാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകാശനം ചെയ്ത് ശ്രീ.എ.നിസാമുദ്ദീൻ ഭൂവിനിയോഗ ബോർഡ് കമ്മീഷണർ കൺവീനർ ആയും ഡോ.ആർ പ്രകാശ് കുമാർ,ഡയറക്ടർ,JNTBGRI ചെയർമാനുമായിട്ടുള്ള സാങ്കേതിക സമിതി മുഖേന പ്ലാനിംഗ് ബോർഡിൽ ഫണ്ട് വകകൊള്ളിക്കുന്ന നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിരേഖയിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ജലലഭ്യത ഉറപ്പാക്കുന്നതിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരസംരക്ഷണത്തിനും വേണ്ടിയുള്ള 19.22കോടി രൂപയുടെ വിവിധ പ്രൊപ്പോസലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.ജലലഭ്യതക്ക് വേണ്ടി തടയണ നിർമ്മാണം,ബണ്ട് ബലപ്പെടുത്തി സംരക്ഷണഭിത്തി നിർമ്മാണം,കടവുകളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ ഉൾപ്പെടുന്നു. നദിയുടെ സുഗമമായ നീരൊഴുക്കിന് വേണ്ടി ഡെൽറ്റ നീക്കം ചെയ്യൽ പ്രവൃത്തികളും ടി പദ്ധതിരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഇറിഗേഷന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>1.Flood damages-Rectification of damages to the right banks of Vamanapuram river opposite to Forest range office near Palode in Nanniyode Panchayath 2.Flood damages-Protection of right bank of tributary to Vamanapuram river near the convergence to the river situated at the upstream |

| | | | |
|---|---|---|---|
| | | | of Karatte bridge in Vamanapuram Panchayath ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ